**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2687** **24-02-2026 - ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്തെ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഇതു വരെ എത്ര ഏക്കർ ഭൂമി വ്യക്തിഗത വനാവകാശമായി നൽകിയെന്ന് വ്യക്തമാക്കാമോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) **വനാവകാശ നിയമപ്രകാരം നാളിതുവരെ 29422 കുടുംബങ്ങൾക്ക് 39106.15 ഏക്കർ ഭൂമിയ്ക്ക് വ്യക്തിഗത കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ജില്ല | നൽകിയ കൈവശരേഖകളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|
| തിരുവനന്തപുരം | 6010 | 7569.60 |
| കൊല്ലം | 1158 | 983.76 |
| പത്തനംതിട്ട | 1174 | 759.66 |
| കോട്ടയം | 1406 | 1566.28 |
| ഇടുക്കി | 8518 | 14789.28 |
| എറണാകുളം | 1164 | 2280.02 |
| തൃശ്ശൂർ | 867 | 965.89 |
| പാലക്കാട് | 2081 | 4246.90 |
| മലപ്പുറം | 945 | 710.36 |
| കോഴിക്കോട് | 11 | 6.87 |
| വയനാട് | 4967 | 3542.25 |
| കണ്ണൂർ | 1121 | 1685.28 |
| **ആകെ** | **29422** | **39106.15** |

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) **ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 422 കുടുംബങ്ങൾക്കായി 78.55 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി |
|---|---|---|
| തിരുവനന്തപുരം | 10 | 1.5 |
| കൊല്ലം | 12 | 1.5 |
| കോട്ടയം | 18 | 2.15 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>പാലക്കാട്</td><td>107</td><td>26.32</td></tr>
<tr><td>മലപ്പുറം</td><td>34</td><td>5.26</td></tr>
<tr><td>കോഴിക്കോട്</td><td>41</td><td>8.34</td></tr>
<tr><td>വയനാട്</td><td>131</td><td>15.26</td></tr>
<tr><td>കാസർഗോഡ്</td><td>69</td><td>18.22</td></tr>
<tr><td>ആകെ</td><td>422</td><td>78.55</td></tr>
</table>
കഴിഞ്ഞ സാമ്പത്തിക വർഷം 1,23,28,231/- രൂപ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>വനാവകാശ നിയമപ്രകാരം ഭൂമിക്ക് അർഹരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിലവിൽ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വനാവകാശ രേഖകൾ ലഭിച്ചിട്ടും ഭൂമി കൈവശം വെക്കാൻ കഴിയാത്ത എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്; ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;</td>
<td>(സി)</td>
<td>വനാവകാശ നിയമപ്രകാരം ഭൂമിക്ക് അർഹരായ 29422 കുടുംബങ്ങൾക്ക് നിലവിൽ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. വ്യക്തിഗത വനാവകാശ രേഖയ്ക്കുള്ള 2212 അപേക്ഷകൾ ഇനി തീർപ്പ് കൽപ്പിക്കാനുണ്ട്. വനാവകാശ രേഖ ലഭിച്ചിട്ടും ഭൂമി കൈവശം വയ്ക്കാൻ കഴിയാത്ത കുടുംബങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>വനാവകാശ നിയമ പ്രകാരം ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; അവയിൽ എത്ര ആളുകൾക്ക് ഭൂമി കൈമാറി; ഇനിയും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദാംശം നൽകുമോ?</td>
<td>(ഡി)</td>
<td>ഏറനാട് മണ്ഡലത്തിൽ വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശത്തിനായുള്ള 100 അപേക്ഷകളാണ് ലഭിച്ചത്. 100 അപേക്ഷകർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. അപേക്ഷകളൊന്നും തന്നെ നിലവിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കിയില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ